21
വ്യാഴം
പേജ് - 6
ഡിസംബർ
Vol. 2 Issue 320

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

691



# ജെ ബി കോശി റിപ്പോർട്ട് അടിയന്തിരമായി നടപ്പിലാക്കണം: കർദിനാൾ മാർ ക്ലിമിസ്



പാ. ലിജോ കെ ജോസഫ്

ചാലക്കുടി: ക്രൈസ്തവ സഭകൾക്കു മുന്നിൽ വെച്ചുനീട്ടിയ ജെബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ സർക്കാർ വൈകുന്നതെന്താണെന്ന് കെ സി ബി സി പ്രസിഡണ്ട് കർദിനാൾ മാർ ക്ലീമിസ്. ചാലക്കുടിയിൽ നടന്നക്രൈസ്തവ സഭാ നേതൃത്വ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് അടിയന്തരമായി നടപ്പിലാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ചാലക്കുടി മുരിങ്ങൂർ ധ്യാന കേന്ദ്രത്തിൽ നടന്ന സമ്മേളനത്തിൽ കേരളത്തിലെ എല്ലാ ക്രൈസതവ സമൂഹങ്ങളെയും പ്രതിന്ധികളും സഭാ നേതാക്കൻമാരും സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലയിലെ പ്രമുഖരും പങ്കെടുത്തു. ജസ്റ്റിസ് ജെ ബി കോശിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നടത്തിയ അനേകം സിറ്റിംഗുകളിൽ ലഭിച്ച അഞ്ചു ലക്ഷം പരാതികളുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ദളിത് ക്രൈസ്തവരുടെ സംവരണം,മദ്രസ അധ്യാപകരെ പോലെ സണ്ടേസ്ക്കൂൾ അധ്യാപകർക്ക് വേണ്ടിയുള്ള പാക്കേജ്, മലയോര മേഖല, തീരദേശ മേഖലയ്ക്കുള്ള പരിഗണന എന്നി കാര്യങ്ങൾ ഉൾക്കൊണ്ട് സംസ്ഥാനത്ത് മറ്റു ന്യൂനപക്ഷ സമുദായങ്ങൾക്ക് കൊടുക്കുന്ന അവകാശങ്ങൾ ക്രൈസ്തവർക്കും ലഭിക്കണമെന്നാണ് റിപ്പോർട്ടിലെ ആവശ്യം.



ജെബി കോശി കമ്മീഷൻ സമർപ്പിച്ച ആവശ്യങ്ങളിലെ റിപ്പോർട്ട് നടപ്പാക്കാൻ സർക്കാർ ഇനിയും കാലതാമസം വരുത്തരുതെന്ന് എന്ന് ക്രൈസ്തവ സമൂഹത്തിലെ വിവിധ പ്രതിനിധികൾ ആവശ്യപ്പെട്ടു.

പാസ്റ്റർ ജെയ്സ് പാണ്ടനാട്, ന്യൂ ഇന്ത്യ ദൈവ സഭയ്ക്കുവേണ്ടി അങ്കമാലി സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ഫ്രാൻസിസ് ജോസഫ് കൊല്ലം സെന്റർ ശുശ്രൂഷകൻ ലിജോ ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്
2023 ഡിസംബർ 21 വ്യാഴം

# മനുഷ്യരായി ജീവിക്കുന്ന ചിലർ...

**ദൈ**വം മനുഷ്യനായി പിറന്നതിന്റെ ഓർമ്മലോകമെമ്പാടും ആഘോഷപൂർവ്വം കൊണ്ടാടുമ്പോൾ ഭൂമിയിൽദൈവരൂപംപൂണ്ട അപൂർവ്വം മനുഷ്യരെ കാണാൻ കഴിയുന്നു എത് ഭാഗ്യമായി കരുതേണ്ടവരാണ് നാം എല്ലാവരും.മനുഷ്യൻ അവന്റെ സൗകര്യപൂർവ്വം മതത്തിന്റെയും കർമ്മത്തിന്റെയും ആചാരത്തിന്റെയും ജാതിയുടെയും വേലിക്കെട്ടുകൾ തീർത്ത് അത് നൽകുന്ന സകല സൗകര്യങ്ങളും അവകാശങ്ങളും ആവോളം ആസ്വദിച്ച് അനുഭവിച്ച് ജീവിക്കുകയും മനുഷ്യത്വം എന്ന് പറയുന്നത് അവന്റെ ജീവിതത്തിന്റെ നടപടിക്രമങ്ങളിൽ പോലും ഭാഗമാകാതെ പോകുകയും ചെയ്യുന്ന ദുരാവസ്ഥയിലാണ് ആധുനിക മനുഷ്യൻ.ഇവിടെയാണ്ദൈവത്തിന്റെ സ്വരൂപങ്ങളായി നന്മയുടെ കേദാരങ്ങളായി മനുഷ്യത്വം മാനുഷിക മൂല്യങ്ങളിൽ ഏറെ പ്രധാനപ്പെട്ടതാണെന്ന് മൗനമായ പ്രവർത്തിയിലൂടെ വെളിപ്പെടുത്തി ജീവിക്കുന്നത്.

നാലു പതിറ്റാണ്ടായി സ്വന്തം കുടുംബത്തിലെ അംഗത്തെ പോലെ കരുതിയ അന്യമതസ്ഥന് അന്തികർമ്മത്തിന് കുടുംബത്തിന്റെ അങ്കണത്തിൽ ചിതയൊരുക്കി സ്വന്തം മക്കളെ പോലെനിന്ന് മരണാന്തര കർമ്മങ്ങൾ നിർവഹിച്ചു ചിത്തയ്ക്കുതീ കൊളുത്തി നിറകണ്ണീർ വാർത്ത ഒരു മനുഷ്യനെ കേരളം ഒരിക്കലുംമറക്കില്ല. പാലക്കാട് നെന്മാറ വിതനശ്ശേരി രാജന്റെ ചിതയ്ക്കാണ് അലിമോനും മുഹമ്മദ് റിഷാനും ചേർന്ന് തീകൊളുത്തിയത്.പട്ടടയിൽരാജന്റെ ശരീരം വെണ്ണിറായി കഴിഞ്ഞിട്ടും നിലയ്ക്കാത്തസ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും സൗഹാർദ്ദത്തിന്റെയും മൂല്യംവെന്ത് വെണ്ണീർ ആകാതെപച്ചപിടിച്ചു നിൽക്കുന്നവേർതിരിവുകളും വേലിക്കെട്ടുകളും തീർക്കുന്ന മനുഷ്യർക്കു ഇവർ എന്നുംമാതൃക തന്നെയാണ്.

മലപ്പുറം നന്നംമുക്കം പഞ്ചായത്ത് അംഗമായിരുന്നു കണ്ണംചാത്ത് വളപ്പിൽ മുഹമ്മദിന്റെ അടുത്ത് നാലു പതിറ്റാണ്ട് മുമ്പ് പാലക്കാട് നെന്മാറ വിത്തനശ്ശേരി രാജൻ എന്ന വ്യക്തി ഭക്ഷണത്തിന് പണം ചോദിച്ച് എത്തിയതായിരുന്നു ഈ സൗഹാർദ്ദത്തിന് തുടക്കം. രാജന് പോകാനിടമല്ലെന്ന് നിറഞ്ഞപ്പോൾ മുഹമ്മദ് വീട്ടിലേക്ക് കൂട്ടി കൊണ്ടുപോയി മകനെപ്പോലെ ചേർത്തുനിർത്തി വളർത്തി വലുതാക്കി. സാവധാനം രാജൻ ആ കുടുംബത്തിലെ അംഗമായി മാറി. മുഹമ്മദിന്റെ മരണശേഷം മകൻ അലിരാജന്റെ സംരക്ഷണം പൂർണമായ ഏറ്റെടുത്തു.രാജന്റെ ഏകബന്ധുവായ അമ്മാവൻ മരിച്ചതോടെ പൂർണ്ണമായും രാജു കണ്ണൻ ചാത്തു വളപ്പിലെ കുടുംബാംഗമായി മാറുകയായിരുന്നു. കഴിഞ്ഞ തിങ്കളാഴ്ച രാത്രി രാജൻ മരിക്കുന്നതുവരെആ ബന്ധത്തിന് ഉലച്ചിൽതട്ടിയില്ല. മരണാനന്തര കർമ്മങ്ങളും രാജന്റെ വിശ്വാസ പ്രകാരംനടത്തി ആ ബന്ധത്തിന് കൂടുതൽ ദൃഢതവരുത്തി.

ഇത് കേവലം മതസൗഹാർദ്ദം എന്ന് പറഞ്ഞ് നാം തള്ളിക്കളയരുത്. മറിച്ച് ദത്തെടുക്കൽ ആയിരുന്നു. വേണമെങ്കിൽ പിതാവിന്റെ മരണശേഷം അലിക്ക് ഇദ്ദേഹത്തെ പറഞ്ഞയക്കാമായിരുന്നു. എന്നാൽഅതിനു മുതരാതെ ഒപ്പം കൂടെ കൂട്ടുക മാത്രമല്ലതന്റെ മരണശേഷം മരണാന്തര കർമ്മങ്ങൾ കൂടി ചെയ്യാൻ അലി എന്ന വ്യക്തി തയ്യാറാവുന്നു. മതത്തിന്റെയും കർമ്മത്തിന്റെയും ആചാരത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽപരസ്പരം പോർവിളി മുഴക്കുന്ന നമ്മുടെ നാട്ടിൽഇവർക്കും മാതൃക മാത്രമല്ലനമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നത്മനുഷ്യത്വത്തിന്റെ പുതിയ പാഠങ്ങളാണ്. മനുഷ്യൻ എന്ന പരിഗണനഅത് വിശ്വാസത്തിനും മതത്തിനും ജാതിക്കും അപ്പുറം പരസ്പരം പങ്കുവെക്കേണ്ടതാണെന്നും ആ പങ്കുവെക്കൽ അടിസ്ഥാനപരമായി അവന്റെ ആവശ്യങ്ങൾക്ക് വേണ്ടികൂടെയാണെന്നുംനമ്മെ അലിയും കുടുംബവും പഠിപ്പിക്കുന്നു. ഒരു വിശ്വാസത്തിൽ നിന്നും മറ്റൊരു വിശ്വാസത്തിലേക്ക് ചുവട് മാറ്റും നടത്തുന്നവരെ തെരഞ്ഞുപിടിച്ച് ഉപദ്രവിക്കുകയും ഇല്ലായ്മ ചെയ്യുകയുംഅതിനുവേണ്ടി പുതിയ നിയമങ്ങൾ തന്നെ എഴുതിയുണ്ടാക്കുകയും ചെയ്തു നമ്മുടെ നാട്ടിൽ അലി മാർഇനിയും ജനിക്കേണ്ടി ഇരിക്കുന്നു. ജനിച്ചുപോയ കുലത്തിന്റെയും ജാതിയുടെയും നിറത്തിന്റെയും പേരിൽസാമൂഹ്യനീതി പോലും നിഷേധിക്കുന്ന നമ്മുടെ നാട്ടിൽ അപൂർവങ്ങളിൽ അപൂർവ്വമായി സംഭവിക്കുന്ന ഇത്തരം സംഭവങ്ങൾ പുതിയ പാഠങ്ങളായി നാം പഠിക്കേണ്ടിയിരിക്കുന്നു. സാമ്പത്തികമായി തകർന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരും സ്വയം തമ്പ്രാൻ വേഷം കെട്ടുന്നവരുടെ പീഡനത്തിന് ഇന്നും ഇരയായി കൊണ്ടിരിക്കുമ്പോൾ മന:സാക്ഷി മരവിച്ചിട്ടില്ലാത്തവർ ഇന്നും നമ്മുടെ സമൂഹത്തിൽ മനുഷ്യരായി ജീവിക്കുന്നു എന്നുള്ളത് ഇത്തരം സംഭവങ്ങളിലൂടെ നമ്മൾ തിരിച്ചറിയണം.

ഭക്ഷണം മോഷ്ടിച്ചു എന്ന കുറ്റമാരോപിച്ചു അത് കൈവശം വെച്ച് അനുഭവിക്കുന്നവർ തല്ലിക്കൊന്ന മധുവിന്റെ നാട്ടിലാണ് നമ്മൾ ജീവിക്കുന്നത്.ഭക്ഷണം ചോദിച്ചവനെ സ്വന്തമായി കരുതി മരണശേഷം ആ അന്ത്യകർമ്മങ്ങൾ കൂടി ചെയ്ത ഈ സംഭവം ഇത് എല്ലാവർക്കും സാധിക്കുന്നതാണെന്ന സാരോപദേശംനാം ഉൾക്കൊള്ളുമ്പോഴാണ് മനുഷ്യനായി നമ്മൾജീവിക്കേണ്ടതിന്റെ ആവശ്യകതനമ്മെ ബോധ്യപ്പെടുത്തുന്നു.

മനുഷ്യരാകാൻ മതവിശ്വാസിയാകണമെന്നില്ല. മനുഷ്യത്വം മരവിക്കാതിരിക്കാൻ മതകർമ്മങ്ങൾ ചെയ്യണമെന്നില്ല. മറിച്ച്നാം നമ്മിലേക്ക് തിരിഞ്ഞ്നമ്മിൽ വസിക്കുന്ന ദൈവത്തെ അന്വേഷിച്ചാൽനമുക്ക് പലരുടെയും മുമ്പിൽ ദൈവികസത്ത വെളിപ്പെടുത്തിനന്മയുടെപ്രതീകങ്ങളാകാം.ജീവിതത്തിൽ ചിലപ്പോൾ എങ്കിലും നമുക്കും മനുഷ്യരായി ജീവിക്കാം.



ഷാജൻപാറക്കടവിൽ

## പ്രത്യാശ നൽകുന്ന ഏക പുസ്തകം

**ക്രി**സ്ത്യാനിയായി എങ്ങനെ ജീവിക്കണമെന്ന് ബൈബിൾ എന്നെ നിത്യം പഠിപ്പിക്കുന്നു. ജീവനുള്ള വചനം നാഡീഞരമ്പുകളെ ഉണർവുള്ളതാക്കുന്നു.

വചനം എന്നെ ഈ ലോകത്തിൽ ജീവിച്ചു മുന്നേറുവാൻ പ്രചോദിപ്പിക്കുന്നു. അത് എന്റെ സന്തോഷവും സാമാധാനവും പ്രത്യാശയും വർധിപ്പിക്കുന്നു. കാൽവറി ക്രൂശിലൂടെ രക്ഷ ദാനമായി നൽകി നമ്മെ വീണ്ടെടുത്ത കർത്താവ് മടങ്ങിവന്ന് നിത്യതയിൽ വാഴുവാനായി നമ്മെ ചേർത്തുകൊള്ളാമെന്ന പ്രത്യാശ നൽകുന്ന ഏക പുസ്തകവും ബൈബിളാണ്.



ലെനി സാബു
ഐപിസി വർഷിപ്പ് സെന്റർ, ഷാർജ

ക്രിസ്ത്യൻ ലൈവ് യുഎഇ എഴുത്തു മത്സരം

വിഷയം: എന്തുകൊണ്ട് ബൈബിൾ എന്നെ ആകർഷിക്കുന്നു?

GOD'S OWN MINISTRY
GERSHOM Building Maintenance & A/C Contracting Since 2010
AL QTR TOURISM Quality Tourism Resources

## പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

## Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

*Chief Editor:* Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

# ഹൈറേഞ്ചിൽ പെന്തക്കോസ്ത് ഐക്യകൺവൻഷൻ ജനുവരി 2 മുതൽ

കുമളി: അണക്കര പെന്തകോസ്തൽ പ്രെയർ അസംബ്ലിയുടെ നേതൃത്വത്തിലുള്ള നാലാമത് അണക്കര കൺവൻഷൻ കുമളി എട്ടാം മൈൽ ഗവ.സ്കൂളിന് സമീപം തയ്യാറാക്കിയിരിക്കുന്ന പന്തലിൽ ജനുവരി 2 മുതൽ നടക്കും. പാസ്റ്റർമാരായ ബി. മോനച്ചൻ കായംകുളം, സജോ തോണിക്കുഴിയിൽ, അജി ആന്റണി റാന്നി എന്നിവർ പ്രസംഗിക്കും. ജോബിൻ എലീശാ നേതൃത്വം നൽകുന്ന തിരുവനന്തപുരം ക്രൈസ്റ്റ് സിംഗേഴ്സാണ് ഗാനശുശ്രൂഷ നിർവഹിക്കുന്നത്. ദിവസവും വൈകിട്ട് 5.30 മുതൽ 9 വരെ നടക്കുന്ന കൺവൻഷൻ ജനുവരി 4 നാണ് സമാപിക്കുന്നത്.

ഈ വർഷത്തെ കൺവൻഷന്റെ വിപുലമായ ക്രമീകരണങ്ങൾക്കായി പാസ്റ്റർമാരായ തോമസ് എബ്രഹാം, സന്തോഷ് ഇടക്കര, ടി.ജെ.തോമസ്, ഐജു വി.കുര്യാക്കോസ്, മനോജ് കുളങ്ങര, ജിനു തങ്കച്ചൻ, ബാബു ജോസഫ്, കെ.കെ. സാംകുട്ടി, സാബു ഏബ്രഹാം എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റികളാണ് പ്രവർത്തിക്കുന്നത്. ഇതോടനുബന്ധിച്ചുള്ള മേഖലാ പ്രാർത്ഥന സമ്മേളനങ്ങൾ കുമളി, കൊച്ചറ, അണക്കര എന്നിവടങ്ങളിൽ നടന്നു.

വിവിധ സ്ഥലങ്ങളിൽ വിളംബര പ്രാർത്ഥനാ യോഗങ്ങൾ നടക്കുമെന്ന് കൺവൻഷൻ സംഘാടകർ ക്രിസ്ത്യൻ ലൈവിനോട് അറിയിച്ചു.

# ഐ പി സി കുണ്ടറ സെന്റർ 21-ാമത് വാർഷിക കൺവൻഷൻ ഇന്ന് മുതൽ

കുണ്ടറ: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ കുണ്ടറ സെന്ററിന്റെ 21-ാമത് വാർഷിക കൺവൻഷൻ ഇന്ന് മുതൽ 24 ഞായർ വരെ നടക്കും. കുണ്ടറ ആറുമുറിക്കട മേലേതിൽ ഓഡിറ്റോറിയത്തിൽ നടക്കുന്ന കൺവൻഷന്റെ ഉത്ഘാടനം സെന്റർ മിനിസ്റ്റർ പാസ്റ്റർ പൊന്നച്ചൻ ഏബ്രഹാം നിർവ്വഹിക്കും. എല്ലാ ദിവസവും വൈകിട്ട് 6 മണി മുതൽ 9 വരെയാണ് കൺവൻഷൻ. കൺവൻഷൻ യോഗങ്ങളിൽ വിവിധ ദിവസങ്ങളിലായി ഇവാ ഷിബിൻ ജി ശാമുവേൽ, പാസ്റ്റർ ജോയ് പാറയ്ക്കൽ, പാസ്റ്റർ ബി മോനച്ചൻ കായംകുളം, പാസ്റ്റർ ബോബൻ ക്ലീറ്റസ്, പാസ്റ്റർ സാം ജോർജ്, പാസ്റ്റർ കെ സി തോമസ്, പാസ്റ്റർ ഏബ്രഹാം ജോർജ്, പാസ്റ്റർ ബെഞ്ചമിൻ വർഗീസ്, ഡോ. ജോൺ എസ് മരത്തിനാൽ എന്നിവർ ദൈവവചനം ഘോഷിക്കും. ഇവാ ഇമ്മാനുവേൽ കെ. ബി, ബ്രദർ റെജി താബോർ എന്നിവരുടെ നേതൃത്വത്തിൽ താബോർ വോയിസ് ഉമ്മന്നൂർ ഗാനശുശ്രൂഷ നിർവ്വഹിക്കും.

# മാഹി പള്ളിക്ക് ബസലിക്ക പദവി; മലബാറിലെ ആദ്യ ദേവാലയം



കോഴിക്കോട് :പ്രശസ്ത തീർഥാടന കേന്ദ്രമായ മാഹി പള്ളിക്ക് ബസലിക്ക പദവി. മലബാറിൽ ആദ്യമായാണ് ഒരു പള്ളിക്ക് ബസലിക്ക പദവി ലഭിക്കുന്നതെന്നും ഫ്രാൻസിസ് മാർപാപ്പ തന്ന ക്രിസ്മസ് സമ്മാനമാണിതെന്നും കോഴിക്കോട് ബിഷപ്പ് വർഗീസ് ചക്കാലക്കൽ പറഞ്ഞു.

ലോകത്ത് നാല് പ്രധാന മേജർ ബസലിക്കകളാണുള്ളത്. അവയെല്ലാം റോമിലാണ്. സെന്റ് പീറ്റേഴ്സ്, സെന്റ് ജോൺ ലാറ്ററൻ, സെന്റ് മേരി മേജർ, സെന്റ് പോൾ എന്നിവയാണ് ചരിത്രത്തിലും പ്രയോഗത്തിലും മാർപാപ്പയുമായി പ്രത്യേകിച്ച് ബന്ധപ്പെട്ടിരിക്കുന്ന ഇവ പേപ്പൽ ബസലിക്കകൾ എന്നാണ് അറിയപ്പെടുന്നത്. മറ്റെല്ലാ ബസലിക്കകളും മൈനർ ബസലിക്കകളെന്നാണ് അറിയപ്പെടുന്നത്.

തൃശൂർ കഴിഞ്ഞാൽ വടക്കൻ കേരളത്തിൽ ഒരു ദേവാലയം പോലും ബസിലിക്കയായി ഉയർത്തപ്പെട്ടിരുന്നില്ല. ഈ സാഹചര്യത്തിലാണ് മാഹി പള്ളിക്ക് ബസലിക്ക പദവി ലഭിക്കുന്നത്. മാഹിയുടെ കാര്യത്തിൽ മാർപാപ്പയ്ക്ക് രൂപതയുടെ പേരിൽ അപേക്ഷ അയയ്ക്കുകയും അതിന് പോസിറ്റീവായ മറുപടി ലഭിച്ചെന്നും ബിഷപ്പ് വർഗീസ് ചക്കാലക്കൽ പറഞ്ഞു. ആരാധനക്രമം, കൂദാശകൾ,പള്ളിയടെ വലിപ്പം, പ്രശസ്തി, സൗന്ദര്യം, ദൗത്യം, ചരിത്രം, പ്രാചീനത, അന്തസ്, ചരിത്രപരമായ മൂല്യം, വാസ്തുവിദ്യ, കലാപരമായ മൂല്യം, ആരാധനാ കേന്ദ്രങ്ങൾ എന്നിവയും മറ്റുള്ളവയും പരിഗണിച്ച് പഠിച്ചശേഷമാണ് കത്തോലിക്കാ സഭയുടെ പരമോന്നത അധ്യക്ഷനായ മാർപാപ്പ ഒരു ദേവാലയത്തെ ബസലിക്കയായി ഉയർത്തുന്നത്.

# വൈപിഇ കോട്ടയം മേഖല ഏകദിന ക്യാമ്പ്

കോട്ടയം: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ യുവജന വിഭാഗം വൈപിഇ കോട്ടയം സോണിന്റെ ഏകദിന ക്യാമ്പ് കോട്ടയം പുതുപ്പള്ളി ഐപിസി തിയോളജിക്കൽ സെമിനാരിയിൽ ഡിസംബർ 25 നു നടക്കും. രാവിലെ 9 മുതൽ വൈകുന്നേരം 9 വരെയാണ് ക്യാമ്പ്. സ്റ്റേറ്റ് ഓവർസീയർ റവ.സി.സി. തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ പി.എ.ജറാൾഡ് (വൈപിഇ പ്രസിഡന്റ്) അധ്യക്ഷത വഹിക്കും. റവ. വൈ. റെജി (അസിസ്റ്റന്റ് ഓവർസീയർ) റവ.ഷിബുകെ. മാത്യു റവ.ജോ തോമസ് ബാംഗ്ലൂർ എന്നിവർ പ്രസംഗിക്കും. ചെങ്ങന്നൂർ ഹോളി ഹാർപ്പ്സ് ഗോസ്പൽ ബാൻഡ്, വൈപിഇ കോട്ടയം സോണൽ ക്വയർ എന്നീ ടീമുകൾ സംഗീത ശുശ്രൂഷ നിർവഹിക്കും. പാസ്റ്റർ ഷിജു മത്തായി (സോണൽ രക്ഷാധികാരി) പാസ്റ്റർ മോൻസി പുന്നൂസ് (കോഓർഡിനേറ്റർ) ലിബിൻ ( സെക്രട്ടറി) അജി കുളങ്ങര (ജനറൽ കൺവീനർ) എന്നിവർ നേതൃത്വം നൽകും.

## ക്രിസ്ത്യൻലൈവ് ദിനപത്രം

### കുടുംബപ്രാർത്ഥനാ സഹായി

ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.

### മൗറീഷ്യസ്



**തലസ്ഥാനം:** പോർട്ട് ലൂയിസ്
**ഭാഷ:** ഇംഗ്ലീഷ്
**ജനസംഖ്യ:** 1,300,557
**പ്രസിഡണ്ട്:** പൃഥിരാജ് സിംഗ് രൂപുൻ
**മതം :** ഹിന്ദു മതം

**ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ**

- മതപരമായി വൈവിധ്യമുള്ള രാഷ്ട്രമാണ് മൗറീഷ്യസ്. ക്രിസ്ത്യൻ സംഘടനകൾ തമ്മിലുള്ള ഐക്യത്തിനായും ഫലപ്രദമായ സുവിശേഷികരണത്തിനായും പ്രാർത്ഥിക്കുക.
- തദ്ദേശീയരായ ധാരാളം ക്രിസ്തീയ സുവിശേഷകരെ ഇവിടെ ആവശ്യമുണ്ട്. പ്രാർത്ഥിക്കുക.
- ജനങ്ങളോട് വിവിധ ഭാഷകളിൽ സംവദിക്കാനായി ക്രിസ്തീയ മാധ്യമങ്ങൾ ആവശ്യമുണ്ട്. ഇപ്പോൾ ഇന്റർനെറ്റിലൂടെയും മറ്റും നടക്കുന്ന സുവിശേഷികരണ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുക

നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:

Contact us: +91 98465 52220, +91 99619 33322

**ആവശ്യമുണ്ട്**

മധ്യതിരുവിതാംകൂറിലെ ഒരു ക്രിസ്തീയ മാധ്യമ സ്ഥാപനത്തിൽ പ്രവർത്തിക്കാൻ പ്ര പ്രവർത്തനത്തിൽ താല്പര്യമുള്ളയാളിനെ ആ വശ്യമുണ്ട്. മലയാള ഭാഷയിലുള്ള അറിവു കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത.
Contact 9645335275

**ആവശ്യമുണ്ട്**

കുമ്പനാട് പുല്ലാടിനടുത്തുള്ള വീട്ടിൽ മാതാവിനൊപ്പം വിശ്വസ്തതയോടെ താമസിക്കുവാൻ താല്പര്യമുള്ള പെന്തക്കോസ്ത് വിശ്വസിയായ സഹോദരിയെ ആവശ്യമുമുണ്ട്. മാന്യമായ ശമ്പളം നൽകുന്നതാണ്.
ഫോൺ 0091 9495978594
വാട്സാപ് : 00973 33276757, 7907955537

# ഐ.പി.സി കാവാലച്ചിറ; സുവിശേഷ പ്രഘോഷണവും സംഗീത വിരുന്നും ഇന്നു മുതൽ

കാവാലച്ചിറ :ഐപിസി കാവാലച്ചിറ ഫിലദൽഫിയ സഭയുടെ ആഭിമുഖ്യത്തിൽ ഇന്ന് മുതൽ 24 ഞായർ വരെ സുവിശേഷ പ്രഘോഷണവും സംഗീത വിരുന്നും കാവാലച്ചിറ സഭാ ഗ്രൗണ്ടിൽ വൈകുന്നേരം 6 മുതൽ 9 മണി വരെ നടക്കും. പാസ്റ്ററന്മാരായ പ്രിൻസ് റാന്നി, പി. സി ചെറിയാൻ, റെജി ശാസ്താംകോട്ട, അനീഷ് കാവാലം എന്നിവർ സന്ദേശം നൽകും. ബ്രദർ ദാനിയേൽ തോമസ്സ്, ബ്രദർ ഷാരുൺ വർഗീസ്സ്, ബ്രദർ സ്റ്റാൻലി മാത്യു എന്നിവരോടൊപ്പം ഫില ദൽഫിയ ബീറ്റ്സ് സംഗീത ശുശ്രൂഷയ്ക്ക് നേത്രുത്വം നൽകുന്നു.

# ബഹ്റൈൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷന്റെ പ്രത്യേക സമ്മേളനം

ബഹ്റൈൻ :ബഹ്റൈൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ (BMCC) സ്പെഷ്യൽ മീറ്റിങ്ങ് 23 ശനിയാഴ്ച വൈകിട്ട് 7.30 മുതൽ 9.15 വരെ മനാമ സെന്റ് ക്രിസ്റ്റോഫർ കത്തീഡ്രൽ ലോവർ ഹാളിൽ നടക്കും. ബിഎംസിസി മുൻ പ്രസിഡന്റ് പാസ്റ്റർ പി.സി. വർഗ്ഗീസ് യുഎസ്എ മുഖ്യ പ്രഭാഷണം നടത്തും. കൂടാതെ ഗാനശുശ്രൂഷയും ക്വയർ പ്രസന്റേഷനും ഉണ്ടായിരിക്കുമെന്ന് പ്രസിഡന്റ് ജോസ് കെ. ജോൺ അറിയിച്ചു. ബഹ്റൈനിൽ തൊഴിൽ തേടി ലോഞ്ചിലും കപ്പലിലുമായി എത്തിയിരുന്ന മലയാളികളായ ക്രിസ്തീയ വിശ്വാസികൾ ആത്മീയ കൂട്ടായ്മക്കായി ഒത്തുകൂടുവാൻ 1958 ൽ രൂപം കൊടുത്തതാണ് ബഹ്റൈൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ ( BMCC). ഇന്ന് ബ്രദറൻ, പെന്തെക്കോസ്ത്, ഇവാഞ്ചലിക്കൽ ചർച്ച് തുടങ്ങിയ പതിനാറ് സഭകൾ ബിഎംസിസി യുടെ സജ്ജീവ അംഗങ്ങളാണ്.

# 70–ാം വയസിൽ സ്നാനം സ്വീകരിച്ച് ഹൾക്ക് ഹോഗൻ

ഫ്ലോറിഡ:70ാം വയസിൽ വിശ്വാസസ്നാനം സ്വീകരിച്ചതായി ഡബ്ല്യു ഡബ്ല്യു ഇ താരവും മുൻ ഹെവിവെയ്റ്റ് ചാമ്പ്യനുമായ ഹൾക്ക് ഹോഗൻ. ബുധനാഴ്ച സമൂഹമാധ്യമങ്ങളിലെ കുറിപ്പിലൂടെയാണ് ജീവിതത്തിലെ ഏറ്റവും പുതിയ മാറ്റത്തേക്കുറിച്ച് ഹൾക്ക് ഹോഗൻ വിശദമാക്കിയത്. ജീവിതത്തിലെ ഏറ്റവും വലിയ ദിനം, യേശുക്രിസ്തുവിന് മുന്നിൽ പൂർണമായി കീഴടങ്ങുന്നുവെന്നാണ് വീഡിയോ ദൃശ്യങ്ങൾ പങ്കുവച്ച് ഹൾക്ക് കുറിക്കുന്നത്. ആശങ്കകളില്ല, വിദ്വേഷമില്ല, മുൻധാരണകളില്ല സ്നേഹം മാത്രം എന്നും കുറിപ്പിൽ ഹോഗൻ വിശദമാക്കുന്നു. ഹൾക്ക് ഹോഗന്റെ ഭാര്യ സ്കൈ ഡെയിലി ഹോഗനും താരത്തിനൊപ്പം വിശ്വാസസ്നാനം സ്വീകരിച്ചു. ഫ്ലോറിഡയിലെ ഇന്ത്യൻ റോക്ക്സ് ബാപ്റ്റിസ്റ്റ് ദേവാലയത്തിൽ വച്ചായിരുന്നു ചടങ്ങുകൾ നടന്നത്. വെള്ള നിറത്തിലെ വസ്ത്രങ്ങളും വെള്ളി നിറത്തിലെ കുരിശുമാണ് ഹോഗന് ചടങ്ങിൽ ധരിച്ചത്. നേരത്തെയും ക്രിസ്തീയ വിശ്വാസത്തേക്കുറിച്ച് പൊതു ഇടങ്ങളിൽ ഹോഗൻ സംസാരിച്ചിരുന്നു. 14ാം വയസിൽ ക്രിസ്തുവിനെ രക്ഷകനായി അംഗീകരിച്ചിരുന്നുവെന്ന് ഹോഗൻ നേരത്തെ പ്രതികരിച്ചിരുന്നു.



ഈ വർഷം ജനുവരിയിൽ ശസ്ത്രക്രിയയ്ക്ക് പിന്നാലെ മുൻ ഹെവിവെയ്റ്റ് ചാമ്പ്യനായ ഹൾക്ക് ഹോഗന് അരയ്ക്ക് കീഴ്പ്പോട്ടുള്ള ചലനശേഷി നഷ്ടമായതായി റെസ്ലിംഗ് താരം കുർട്ട് ആംഗിൾ വിശദമാക്കിയിരുന്നു. അരയ്ക്ക് താഴേയ്ക്കുള്ള ഞരമ്പുകളിൽ അടുത്തിടെ നടന്ന ശസ്ത്രക്രിയയിൽ പൊട്ടലുണ്ടായെന്നും നിലവിൽ ഹൾക്ക് ഹോഗന് അരയ്ക്ക് താഴേയ്ക്കുള്ള ചലനങ്ങൾ തിരിച്ചറിയാൻ സാധിക്കാത്ത അവസ്ഥയിലാണെന്നുമാണ് കുർട്ട് വിശദമാക്കിയത്.ഡബ്ല്യു ഡബ്ല്യു ഇ റെസ്ലിംഗ് താരമായിരുന്ന ഹൾക്ക് ഹോഗൻറെ യഥാർത്ഥ പേര് ടെറി ജീൻ ബോള്ളീ എന്നാണ്. 1982ലാണ് ഹൾക്ക് ഹോഗൻ ഹെവി വെയ്റ്റ്ലിഫ്റ്റിംഗ് രംഗത്തേക്ക് എത്തുന്നത്.

# തീവ്രവാദത്തിനെതിരെ പോരാടുകയെന്നാൽ ഗാസയെ തുടച്ചുനീക്കലല്ല; യിസ്രയേലിനെതിരെ ഇമ്മാനുവൽ മാക്രോൺ



പാരീസ് :തീവ്രവാദത്തിനെതിരെ പോരാടുകയെന്ന യിസ്രയേലിന്റെ ലക്ഷ്യം ഗാസയെ തുടച്ചുനീക്കുകയല്ലെന്ന പ്രതികരണവുമായി ഫ്രാൻസ് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ. തീവ്രവാദത്തിനെതിരെ പോരാടുകയെന്നാൽ ഗാസയിലെ സാധാരണ ജനങ്ങളെ വിവേചനരഹിതമായി ആക്രമിക്കുകയല്ലെന്നും മാക്രോൺ മാധ്യമങ്ങളോട് പറഞ്ഞു. യിസ്രയേൽ ഇത്തരത്തിലുള്ള പ്രതികരണം അവസാനിപ്പിക്കണമെന്നും എല്ലാ ജീവനും തുല്യമാണെന്നും അവയെ സംരക്ഷിക്കണമെന്നും മാക്രോൺ പറയുന്നു.

എന്നാൽ യിസ്രയേലിന് പ്രതിരോധിക്കാനും തീവ്രവാദത്തിനെതിരെ പോരാടാനുമുള്ള അവകാശമുണ്ടെന്നും മാക്രോൺ പറഞ്ഞു. മാനുഷിക വെടിനിർത്തലിനും മാക്രോൺ ആഹ്വാനം ചെയ്തു. ഇസ്രയേലിന്റെ മനുഷ്യത്വവിരുദ്ധമായ പ്രവർത്തനങ്ങളെ നേരത്തെയും മാക്രോൺ വിമർശിച്ചിരുന്നു. ഹമാസിനെ ഉന്മൂലനം ചെയ്യുകയെന്ന ഇസ്രയേലിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലെത്താൻ ഒരു ദശാബ്ദമെടുക്കുമെന്നും അദ്ദേഹം പറഞ്ഞിരുന്നു. ഗാസയിലെ ഇസ്രയേലിന്റെ ലക്ഷ്യമെന്തെന്ന് അധികാരികൾ കൃത്യമാക്കണമെന്നും തീവ്രവാദ ഗ്രൂപ്പുകൾക്കെതിരെ പോരാടുന്നത് സാധാരണ ജനങ്ങളുടെ നേരെ ബോംബ് വർഷിച്ചിട്ടല്ലെന്നും ദുബായിൽ വെച്ച് നടന്ന കോപ് 28 കാലാവസ്ഥാ ഉച്ചകോടിയിൽ സംസാരിക്കവേ മാക്രോൺ പറഞ്ഞു. ”യിസ്രയേൽ അധികാരികൾ അവരുടെ ലക്ഷ്യങ്ങളും അന്തിമഘട്ടവും കൃത്യമാക്കേണ്ട ഘട്ടത്തിലാണ് നാമുള്ളത്. ഹമാസിനെ പൂർണമായും നശിപ്പിക്കുകയെന്നത് യാഥാർത്ഥ്യമാകുമെന്ന് ആരെങ്കിലും കരുതുന്നുണ്ടോ? അങ്ങനെയെങ്കിൽ യുദ്ധം 10 വർഷമെങ്കിലും നീണ്ടുനിൽക്കും” അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം, ഒക്ടോബർ ഏഴിന് ആരംഭിച്ച സംഘർഷത്തിൽ മാക്രോൺ യിസ്രയേലിന് നൽകിയ പിന്തുണയിൽ അറബ് നേതാക്കളും ഫ്രഞ്ച് നയതന്ത്രജ്ഞരും നിരാശയിലായിരുന്നു. അമേരിക്കയിൽ നിന്നും സ്വതന്ത്രമായ ഒരു നയമാണ് ഇസ്രയേൽ വിഷയത്തിൽ മാക്രോൺ സ്വീകരിച്ചത്. നിലവിൽ ഇതുവരെ സ്ത്രീകളും കുട്ടികളുമടക്കം 20,000ത്തോളം പേരാണ് യിസ്രയേൽ ആക്രമണത്തിൽ ഗാസയിൽ കൊല്ലപ്പെട്ടത്.

# ‘ഞങ്ങൾക്കിനി പള്ളിയല്ലാതെ മറ്റൊന്നുമില്ല’: ദുഃഖം അറിയിച്ച് ഗാസയിലെ ക്രൈസ്തവ യുവാവ്

ഗാസ: യിസ്രായേൽഹമാസ് യുദ്ധത്തെത്തുടർന്ന് ഗാസയിലെ ഏക കത്തോലിക്കാ ദേവാലയമായ ഹോളി ഫാമിലി ദേവാലയത്തിൽ അഭയം തേടിയിരിക്കുന്ന ക്രൈസ്തവ യുവാവ് യുദ്ധകാലത്തെ തങ്ങളുടെ ജീവിതത്തേക്കുറിച്ച് കത്തോലിക്കാ വാർത്താ മാധ്യമമായ ’ഒ.എസ്.വി ന്യൂസ്’ന് എഴുതിയ കത്ത് ഗാസയിലെ ക്രൈസ്തവർ അനുഭവിക്കുന്ന ദുരിതങ്ങൾ വിവരിക്കുന്നു. അത്മായ നേതാവ് ജോർജ്ജ് അന്റോൺ, ഹോളിഫാമിലി ഇടവക വികാരിയും അർജന്റീനക്കാരനുമായ ഫാ. ഗബ്രിയേൽ റൊമാനെല്ലി എന്നിവർ വഴിയാണ് യുദ്ധത്തിനിടയിലെ തങ്ങളുടെ ജീവിതത്തേക്കുറിച്ച് വിവരിക്കുന്ന കത്തിനായി ഒ.എസ്.വി ന്യൂസ് ക്രിസ്ത്യൻ യുവജനങ്ങളെ സമീപിച്ചത്. യുദ്ധകാലത്തെ ഞങ്ങളുടെ ദുരന്തം ദൈനംദിന ജീവിതം എന്ന തലക്കെട്ടോടെയുള്ള കത്ത് സുഹൈൽ അബു ദാവൂദ് എന്ന പതിനെട്ടുകാരനാണ് എഴുതിയത്.

യുദ്ധം തുടങ്ങിയതിന് ശേഷം തന്റെ ജീവിതം ദുഃഖവും, നിരാശയും, ഭയവും നിറഞ്ഞതാണെന്ന് പറഞ്ഞുകൊണ്ടാണ് കത്ത് ആരംഭിക്കുന്നത്. സാഹചര്യങ്ങൾ അപകടകരമായിരിക്കുകയാ

**യുദ്ധം തുടങ്ങിയതിന് ശേഷം തന്റെ ജീവിതം ദുഃഖവും, നിരാശയും, ഭയവും നിറഞ്ഞതാണെന്ന് പറഞ്ഞുകൊണ്ടാണ് കത്ത് ആരംഭിക്കുന്നത്. സാഹചര്യങ്ങൾ അപകടകരമായിരിക്കുകയാണ്.**

ണ്. താൻ സ്വന്തം വീട് വിട്ട് പള്ളിയിലേക്ക് മാറി. ഞങ്ങളുടെ ദിനചര്യ വ്യത്യസ്തവും പ്രയാസകരവുമായിത്തീർന്നു. പ്രത്യേകിച്ച് രാത്രിയിൽ നിർത്താതെയുള്ള ക്രോസ് ഫയറിന്റെ വലിയ ശബ്ദങ്ങളും ബോംബുകളുടെ വലിയ ശബ്ദങ്ങളും കേൾക്കുന്ന ഒരു അവസ്ഥ. ദേവാലയത്തിന് കാവൽ നിൽക്കുന്ന രാത്രി 9 മുതൽ രാവിലെ 5 വരെയുള്ള സമയം പേടിപ്പെടുത്തുന്നതും ഭയാനകവുമാണ്. ഞങ്ങൾക്ക് ഭക്ഷണവും, വെള്ളവും, ഇന്ധനവും, വെളിച്ചവും ആവശ്യമുണ്ട്. മെഡിക്കൽ സൗകര്യമില്ലാത്തതിനാൽ പ്രായമായ ആളുകൾ ദുരിതത്തിലാണ്. ഞങ്ങളുടെ വീടുകളും, വാഹനങ്ങളും തകർക്കപ്പെട്ടു. ഞങ്ങളുടെ ദേവാലയമല്ലാതെ ഇനി ഞങ്ങൾക്ക് മറ്റൊന്നും ബാക്കിയില്ല. ദേവാലയമാണ് ഇപ്പോൾ ഞങ്ങളുടെ യഥാർത്ഥ ഭവനം, ക്ഷമയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഭവനം’ കത്തിൽ പറയുന്നു.

ഹോളി ഫാമിലി ദേവാലയ പരിസരത്ത് ഡിസംബർ 16ലെ വെടിവെപ്പിനും, ടാങ്ക് ആക്രമണത്തിനും മുൻപാണ് ഈ കത്ത് എഴുതിയിരിക്കുന്നത്. യുദ്ധത്തിന്റെ ആദ്യനാളുകളിൽ സെന്റ് പോർഫിരിയൂസ് ദേവാലയത്തിന് സമീപമുള്ള ഒരു കെട്ടിടം ലക്ഷ്യമാക്കി യിസ്രായേൽ സേന നടത്തിയ ബോംബാക്രമണത്തിൽ സെന്റ് പോർഫിരിയൂസ് ദേവാലയത്തിൽ അഭയം തേടിയിരുന്ന പതിനെട്ടോളം പേർ കൊല്ലപ്പെട്ടിരുന്നു. കഴിഞ്ഞ കുറച്ച് ദിവസങ്ങളിലായി ഹോളിഫാമിലി ദേവാലയത്തിന് സമീപമുള്ള പ്രദേശങ്ങളിൽ കടുത്ത പോരാട്ടമാണ് നടന്നുവരുന്നത്.

ഇക്കഴിഞ്ഞ ഡിസംബർ 16ന് നടന്ന വെടിവെപ്പിൽ ഇടവകാംഗങ്ങളായ രണ്ടു സ്ത്രീകൾ കൊല്ലപ്പെട്ടിരുന്നു. യുദ്ധം പൊട്ടിപ്പുറപ്പെട്ട സമയത്ത് ദേവാലയവികാരിയായ ഫാ. റൊമാനെല്ലി ജെറുസലേമിൽ കുടുങ്ങിപ്പോയതിനാൽ അസിസ്റ്റന്റ് വികാരിയായ യൂസഫ് അസദാണ് ഹോളിഫാമിലി ദേവാലയത്തിലെ കാര്യങ്ങൾ നോക്കിനടത്തുന്നത്.


"for there is the sound of abundance of rain."
1 Kings 18:41
GILGAL
CHURCHOF GOD
SHARJAH
CONFERENCE
10:30AM - 01:30PM
CONVENTION
07:30PM - 10:00PM
Message
REV. DR. M.A VARGHESE
DEC
28
THU
SPIRITUAL
RAIN 2023
SHARJAH WORSHIP CENTER
MAIN HALL
For more details:
Rev. Dr. K.O Mathew: +971 50 646 3177

CNL7 MEDIA

# CHRISTIANLIVE DAILY

Vol. 2 Issue 320

21 Thursday Pages 6

691


# BROSCO PHARMACY

Your health, right away.
BROSCO PHARMACY

നിങ്ങൾ ആശങ്കയിലാണോ...?
നാട്ടിലെ കാര്യം ഓർത്തിട്ടാണോ...?
ഞങ്ങളുണ്ടേന്നേ ഒരു വിളിപ്പാടകലെ..!!

## SPECIAL DISCOUNT

| | |
|---|---|
| Medicines (13% - 40%) | Baby Food (4% - 6%) |
| Adult Diaper (53%) | Ortho Supports (15% - 20%) |
| Underpads (64%) | Baby Care (8% - 10%) |
| Pullups (48%) | Insulin (18% - 45%) |







നിങ്ങളുടെ പ്രീയപ്പെട്ടവർക്ക് വേണ്ടുന്ന എല്ലാ മെഡിസിനും
മറ്റനുബന്ധ സാധനങ്ങളും
ഉത്തരവാദിത്വത്തോടെ നിങ്ങളുടെ വീടുകളിൽ
എത്തിക്കും ബ്രോസ്കോ ഫാർമസി.
വിശ്വാസ്യതയുടെ പര്യായം

HOME CARE PRODUCTS AVAILABLE
- Feminine Hygiene Items
- Oxygen Concentrator
- Nutrition Supplements
- Orthopaedic Items
- Cosmetic Items
- Baby Food
- Baby Care Items
- Veterinary Medicine
- Ayurveda Medicines
- Wheel Chairs & Walkers

FREE HOME DELIVERY
Within 5km Radius
ORDER NOW




CAL US : +91-6238062257

**PATHANAMTHITTA**
Maniyatt Building,
Near St. Peters Junction,
Pathanamthitta , Kerala
Call : +91- 7025588926

**VADASSERIKKARA**
Maniyatt Plaza,
Mannarakulanji Pamba Road,
Vadasserikkara , Kerala
Call : +91- 8590634011

**KUMBANAD**
Ikkara Peneal,
Near Quality Super Bazar
Kumbanad , Kerala
Call : +91- 7012761613

**RANNI**
Pearl Square Building,
Thottamon, Near SBI Bank,
Blockpadi Junction, Ranni
Call : +91- 8590628255